● ഖുർആൻ

# മുസ്‌ലിം സമുദായം: വ്യക്തിത്വവും വ്യതിരിക്തതയും

إِنَّ ٱلَّذِينَ ءَامَنُوا۟ وَهَاجَرُوا۟ وَجَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ وَٱلَّذِينَ ءَاوَوا۟ وَّنَصَرُوٓا۟ أُو۟لَٰٓئِكَ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ وَٱلَّذِينَ
ءَامَنُوا۟ وَلَمْ يُهَاجِرُوا۟ مَا لَكُم مِّن وَلَٰيَتِهِم مِّن شَىْءٍ حَتَّىٰ يُهَاجِرُوا۟ ۚ وَإِنِ ٱسْتَنصَرُوكُمْ فِى ٱلدِّينِ فَعَلَيْكُمُ ٱلنَّصْرُ إِلَّا عَلَىٰ قَوْمٍ بَيْنَكُمْ
وَبَيْنَهُم مِّيثَٰقٌ ۗ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٧٢﴾ وَٱلَّذِينَ كَفَرُوا۟ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ إِلَّا تَفْعَلُوهُ تَكُن فِتْنَةٌ فِى ٱلْأَرْضِ وَفَسَادٌ كَبِيرٌ ﴿٧٣﴾
وَٱلَّذِينَ ءَامَنُوا۟ وَهَاجَرُوا۟ وَجَٰهَدُوا۟ فِى سَبِيلِ ٱللَّهِ وَٱلَّذِينَ ءَاوَوا۟ وَّنَصَرُوٓا۟ أُو۟لَٰٓئِكَ هُمُ ٱلْمُؤْمِنُونَ حَقًّا ۚ لَّهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٧٤﴾
وَٱلَّذِينَ ءَامَنُوا۟ مِنۢ بَعْدُ وَهَاجَرُوا۟ وَجَٰهَدُوا۟ مَعَكُمْ فَأُو۟لَٰٓئِكَ مِنكُمْ ۚ وَأُو۟لُوا۟ ٱلْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ فِى كِتَٰبِ ٱللَّهِ ۗ إِنَّ ٱللَّهَ بِكُلِّ شَىْءٍ
عَلِيمٌۢ ﴿٧٥﴾

**'തീർച്ചയായും വിശ്വസിക്കുകയും, സ്വദേശം വെടിഞ്ഞുപോവുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിലേർപ്പെടുകയും ചെയ്തവരും, അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും അന്യോന്യം ഉറ്റമിത്രങ്ങളാകുന്നു. വിശ്വസിക്കുകയും എന്നാൽ സ്വദേശം വെടിഞ്ഞുപോവാതിരിക്കുകയും ചെയ്തവരോട് അവർ സ്വദേശം വെടിഞ്ഞുപോകുന്നത് വരെ നിങ്ങൾക്ക് യാതൊരു സംരക്ഷണ ബാധ്യതയുമില്ല. ഇനി മതകാര്യത്തിൽ അവർ നിങ്ങളോട് സഹായം തേടുകയാണെങ്കിൽ സഹായിക്കാൻ നിങ്ങൾക്ക് ബാധ്യതയുണ്ട്. എന്നാൽ നിങ്ങളുമായി കരാറിലേർപ്പെട്ടുകഴിയുന്ന ജനതക്കെതിരായി (നിങ്ങൾ അവരെ സഹായിക്കാൻ) പാടില്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നതാകുന്നു. സത്യനിഷേധികളും അന്യോന്യം മിത്രങ്ങളാകുന്നു. ഇത് (ഈ നിർദ്ദേശങ്ങൾ) നിങ്ങൾ പ്രാവർത്തികമാക്കിയിട്ടില്ലെങ്കിൽ നാട്ടിൽ കുഴപ്പവും വലിയ നാശവുമുണ്ടായിത്തീരുന്നതാണ്. വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞുപോവുകയും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിലേർപ്പെടുകയും ചെയ്തവരും അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും തന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും. അതിനു ശേഷം വിശ്വസിക്കുകയും സ്വദേശം വെടിയുകയും നിങ്ങളോടൊപ്പം സമരത്തിലേർപ്പെടുകയും ചെയ്തവരും നിങ്ങളുടെ കൂട്ടത്തിൽ തന്നെ. എന്നാൽ രക്തബന്ധമുള്ളവർ അല്ലാഹുവിന്റെ രേഖയിൽ (നിയമത്തിൽ) അന്യോന്യം കൂടുതൽ ബന്ധപ്പെട്ടവരാകുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു' (അൻഫാൽ:72-75).**

സത്യവിശ്വാസികളായ വ്യക്തികളെ സൃഷ്ടിക്കുകയല്ല, സത്യവിശ്വാസികളുടെ ഉമ്മത്തിനെ സൃഷ്ടിക്കുകയാണ് അല്ലാഹുവിന്റെ ലക്ഷ്യമെന്ന് 72-ാം സൂക്തം വ്യക്തമാക്കുന്നു. പലായനം, സമരം, അഭയം നൽകൽ, സഹായം, ഇതിന്റെയെല്ലാം ആത്യന്തികഫലമായി ഓരോരുത്തരും ഉമ്മത്തിലെ മറ്റുള്ളവരുടെ സംരക്ഷണ ബാധ്യത ഏറ്റെടുക്കുന്ന മഹനീയവും മാതൃകാപരവുമായ സാഹചര്യം സംജാതമാവുന്നു. സത്യവിശ്വാസികളുടെ ഉമ്മത്തിന്റെ പലായന ഗേഹത്തിന്റെ പുറത്ത് ഒറ്റപ്പെട്ടു കഴിയുന്ന വ്യക്തികളുടെ സത്യവിശ്വാസത്തിന് യാതൊരു ക്രിയാത്മകതയുമില്ല, ബന്ധങ്ങളോ, അവരും സത്യവിശ്വാസികളുടെ ഉമ്മത്തും തമ്മിൽ യാതൊരു സംരക്ഷണമോ ഇല്ല.

മുസ്‌ലിം സമുദായം രൂപപ്പെടേണ്ടതിന്റെ പ്രാധാന്യം, സമുദായരൂപവൽക്കരണത്തിന്റെ മൗലികാധാരങ്ങൾ മുതലായവയാണ് മേൽസൂക്തങ്ങളിലെ പ്രതിപാദ്യം. ഈ ലേഖനത്തിൽ മുസ്‌ലിം ഉമ്മത്ത് രംഗത്ത് വരേണ്ടതിന്റെ പ്രാധാന്യമാണ് വിശദീകരിക്കുന്നത്.

### പ്രഥമ പ്രാധാന്യം

73-ാം സൂക്തം, മുസ്‌ലിം ഉമ്മത്ത് രൂപവൽകൃതമായില്ലെങ്കിൽ ഉണ്ടാകാവുന്ന രണ്ട് കെടുതികൾ വിശദീകരിക്കുന്നു. മുസ്‌ലിം സമുദായം നിലവിൽ വന്നില്ലെങ്കിൽ ഉണ്ടാവുന്ന പ്രധാന വിപത്തുകളാണ് 73-ാം സൂക്തത്തിലെ പ്രതിപാദ്യം. ഇവയിൽ പ്രധാനം രണ്ട് വിപത്തു

കളാണ്.

1) സത്യനിഷേധത്തിലധിഷ്ഠിതമായ മൂല്യങ്ങളുടെ മേധാവിത്തവും സത്യനിഷേധ സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപും. സത്യനിഷേധികൾ വ്യക്തികൾ എന്ന നിലയിൽ ഒറ്റയ്ക്കൊറ്റക്കായല്ല, പരസ്പരം പിന്തുണച്ചും സഹായിച്ചും സംഘടിത ശക്തിയാവും. 'സത്യവിശ്വാസ സമൂഹം' രംഗത്തുവന്നില്ലായെങ്കിൽ 'സത്യനിഷേധസമൂഹം' ലോക നേതൃത്വം ഏറ്റെടുക്കും. യുദ്ധവും സമാധാനവുമായി ബന്ധപ്പെട്ട എല്ലാം അവരുടെ നിയന്ത്രണത്തിലാവും.

2) ലോകനേതൃത്വം സത്യനിഷേധികളുടെ കൈകളിലെത്തുന്നത് മാനവ-ഭൗതിക വിഭവങ്ങളുൾപ്പെടെ അല്ലാഹുവിന്റെ ഖജനാവുകൾ ചൂഷണം ചെയ്യപ്പെടാൻ അവസരമൊരുക്കും. അത് വഴി ഭൂതലമാസകലം വൻ കെടുതികൾക്കും ദുരന്തങ്ങൾക്കും കാരണമാകും. രാഷ്ട്രീയ-സാമൂഹിക മേഖലകളിലെ തിന്മകൾ, ആഭ്യന്തരവും പ്രവിശ്യാപരവും, സാർവദേശീയവുമായ തലങ്ങളിലെ സംഘട്ടനങ്ങൾ, സ്വഭാവ-സദാചാരമേഖലകളിലെ വൻ അപചയങ്ങൾ, സർവതന്ത്ര സ്വാതന്ത്ര്യം, വിധ്വംസക തത്ത്വശാസ്ത്രങ്ങളുടെയും ചിന്തകളുടെയും വ്യാപനം മുതലായവ ഉദാഹരണം.

'സത്യവിശ്വാസി സമൂഹ'ത്തിന്റേ ഉയിർത്തെഴുന്നേൽപോ, 'സത്യനിഷേധസമൂഹ'ത്തിന്റെ മേധാവിത്തമോ ഉണ്ടായപ്പോൾ എന്തെല്ലാമെന്തെല്ലാം സംഭവിച്ചു എന്നത് സംബന്ധിച്ച് ചരിത്രസംഭവങ്ങൾ നമുക്ക് പലതും പറഞ്ഞുതരും. ഇസ്‌ലാമിക സമൂഹം ഉയിർത്തെഴുന്നേൽക്കുകയും അവർ തമ്മിൽ ബഹുവിധരൂപേണ സ്നേഹത്താൽ ബന്ധിതരാവുകയും ചെയ്തപ്പോൾ പേർഷ്യ-റോം പോലുള്ള അന്നത്തെ സാമ്രാജ്യങ്ങൾ നിലംപൊത്തി. എന്നാൽ, ഇസ്‌ലാമിക വിദ്യാഭ്യാസവും ശിക്ഷണവും, സംഘടിത ഇസ്‌ലാമിക സമൂഹത്തിനുപകരം, ഭൗതിക വിരക്തരായ മുസ്‌ലിം വ്യക്തികളെ സൃഷ്ടിക്കുന്നതിൽ മാത്രം ശ്രദ്ധയൂന്നിയപ്പോൾ 'ഇസ്‌ലാമികസമൂഹം' എന്ന ആശയം തന്നെ അവർ മറന്നുപോയി. എന്തിനും, ഏതിനും അമുസ്‌ലിം സമൂഹത്തെ ആശ്രയിക്കേണ്ട ദുർഗതിയായി.

**ദ്വിതീയ പ്രാധാന്യം**

74-ാം സൂക്തം 'മുസ്‌ലിം സമൂഹ'ത്തിന്റെ ഉയിർത്തെഴുന്നേൽപിലൂടെ പ്രാപ്യമാവുന്ന പ്രയോജനങ്ങളെക്കുറിച്ച് വിവരിക്കുന്നു. മൂന്ന് പ്രയോജനങ്ങളാണ് ഇത് വഴി ലഭിക്കുക.

1) സവിശേഷമായ ഐഡന്റിറ്റിയിലും, വ്യതിരിക്തമായ വർഗത്തിലും, പ്രത്യേകമായസാമൂഹിക ഘടനയിലുമായി സത്യവിശ്വാസത്തെ യാഥാർഥ്യമാക്കുന്നു. ഒരേയൊരു പലായന ഗേഹത്തിലേക്ക് എത്തിച്ചേർന്ന് പരസ്പരം അഭയം നൽകിയും, സ്വീകരിച്ചും, സമരസജ്ജരായി കഴിയുന്ന മുസ്‌ലിംകളാണ് 'യഥാർത്ഥ വിശ്വാസികൾ'. എന്നാൽ, പലേടങ്ങളിലായി ചിതറിക്കഴിയുന്ന ന്യൂനപക്ഷങ്ങൾ 'യഥാർത്ഥ വിശ്വാസികൾ' എന്ന ഗണത്തിൽ വരില്ല. കാരണം, അവരുടെ വിശ്വാസത്തിന് 'സവിശേഷമായ പൗരത്വം' ലഭ്യമല്ല. സ്വതന്ത്രമായ സംസ്കാരമോ ഭാഷയോ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ വ്യവസ്ഥകളുടെ പ്രയോഗവൽക്കരണമോ സാധ്യമല്ല. സ്വന്തമായ മൂല്യങ്ങളോ ആചാരാനുഷ്ഠാനങ്ങളോ സ്വഭാവഗുണങ്ങളോ നിലനിർത്തുക എളുപ്പമല്ല. മാനവരാശിയുടെ സംരക്ഷണവും പുരോഗതിയും ഉറപ്പുവരുത്താനാകുന്നതെങ്ങനെയെന്ന് തങ്ങളുടെ വിദ്യാഭ്യാസ-ഭരണനിർവഹണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്ക് പഠിക്കാനാവും വിധമുള്ള ഒരു സവിശേഷ നാഗരികതയെ ചരിത്രത്തിലെ കടമ്പകൾ താണ്ടിക്കടന്ന് വിജയിപ്പിച്ചെടുക്കാൻ കഴിയില്ല. അവിടെയവിടെയായി ഒന്നോ രണ്ടോ തലമുറകൾ കഴിഞ്ഞാൽ വ്യക്തിത്വം നശിച്ച് പലതിലും ലയിച്ച് ഇല്ലാതെയാവും. ആയതിനാൽ, മുസ്‌ലിം ന്യൂനപക്ഷത്തിന് ആ അർത്ഥത്തിൽ നിശ്ചിതകാലം മാത്രമെ നിലനിൽക്കാനാവൂ. ഇസ്‌ലാമിക പ്രവർത്തനം വിജയിച്ച് 'സത്യവിശ്വാസികളുടെ സമൂഹ'ത്തിന് സ്വന്തമായൊരു പലായന ഗേഹം സ്ഥാപിതമാവുന്നത് വരെ മാത്രമെ അവർക്ക് സ്വന്തമായി നിൽക്കാൻ അനുവാദമുള്ളൂ. അത് സ്ഥാപിതമായിട്ടും അവിടെത്തന്നെ കഴിയുകയെന്നാൽ അവശത സ്വയം വരിക്കുക, ആത്മപീഡനം നടത്തുക, സത്യവിശ്വാസത്തെ അപകടകരമായ സാഹചര്യത്തിൽ വിട്ടേക്കുക, തദ്വാരാ അല്ലാഹുവിന്റെ ശിക്ഷയ്ക്ക് വിധേയമാവുക എന്നാണർത്ഥം.

ആയതിനാൽ, ഒന്നാം സൂക്തത്തിന്റെ രണ്ടാം ഭാഗം, 'മുസ്‌ലിം സമൂഹ'വും പലായന ഗേഹത്തിനു പുറത്ത് ചിതറിക്കിടക്കുന്ന 'ന്യൂനപക്ഷ മുസ്‌ലിംങ്ങളും തമ്മിലുള്ള ബന്ധം പൂർണമായും ഉത്തരവാദിത്വപൂർണമല്ല. മുസ്‌ലിംകളുമായി കരാറുകൾ നിലവിലില്ലാത്ത സമൂഹങ്ങളിൽ നിന്ന് മതപരമായ പീഡനങ്ങളുണ്ടായാൽ മാത്രമെ 'പലായന ഗേഹത്തിലെ മുസ്‌ലിംകൾ' അതിന് പുറത്തുള്ള മുസ്‌ലിംങ്ങളെ സഹായിക്കാൻ ബാധ്യസ്ഥരാവുന്നുള്ളൂ. 'പലായന ഗേഹത്തിലെ മുസ്‌ലിംകളും' 'മുസ്‌ലിം ന്യൂനപക്ഷങ്ങളും' തമ്മിലെ ഈ നിഷേധാത്മക ബന്ധം ചിതറിക്കഴിയുന്ന മുസ്‌ലിംകളെ തങ്ങളുടെ പലായന ഗേഹത്തിലേക്ക് എത്രയും വേഗം എത്തിച്ചേരാൻ നിർബന്ധിക്കും.

2) 'അവർക്ക് പാപമോചനമുണ്ട്' (لهم مغفرة) എന്നതിൽ സൂചിതമായ സാമൂഹിക-രഷ്ട്രീയ സ്ഥിരത, സമൂഹങ്ങൾ ചെയ്യുന്നതായി ഖുർആൻ പരിചയപ്പെടുത്തിയ തെറ്റുകളുടെ ശിക്ഷകളിൽ നിന്ന് മുസ്‌ലിം സമുദായത്തെ അകറ്റിയെടുക്കുക എന്നതാണ് 'മഗ്ഫിറത്ത്' എന്നതിന്റെ വിവക്ഷ. ആഭ്യന്തര വിദ്വേഷങ്ങൾ ഇളക്കിവിടുക, കുഴപ്പങ്ങളും യുദ്ധങ്ങളും കുത്തിപ്പൊക്കുക, അധിനിവേശ ശക്തികൾക്ക് വിധേയമാവുക മുതലായവയാണ് ഖുർആൻ പരിചയപ്പെടുത്തിയ, സമുദായങ്ങളുടെ ഭാഗത്ത് നിന്നുണ്ടാവുന്ന ശിക്ഷകൾ. 'പറയുക: അവർ നിങ്ങളുടെ മേൽമുകളിൽ നിന്ന് ശിക്ഷയിറക്കുന്നതിന്നു കഴിവുറ്റവനാകുന്നു, അല്ലെങ്കിൽ നിങ്ങളുടെ പാദങ്ങൾക്കടിയിൽ നിന്ന് ഉയർത്തുന്നതിന്ന്, അതുമല്ലെങ്കിൽ നിങ്ങളെ കക്ഷികളായി

ശിഥിലീകരിച്ച് പരസ്പരം പീഡനമനുഭവിപ്പിക്കാൻ. എപ്രകാരമാണ് നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ വിവിധ രൂപേണ അവരുടെ മുമ്പിൽ ആവർത്തിച്ചവതരിപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. അവർ യാഥാർഥ്യം മനസ്സിലാക്കിയെങ്കിലോ' (അൻആം:65), '(ഇസ്രായീല്യരേ) നാം നിങ്ങൾക്കെതിരിൽ നമ്മുടെ അതിശക്തന്മാരായ അടിമകളെ നിയോഗിച്ചു. അവർ നിങ്ങളുടെ, ദേശത്ത് നുഴഞ്ഞു കയറി, നാനാദിക്കുകളിലും വ്യാപിച്ചു...' (ഇസ്റാഅ്:6).

3) ഇസ്‌ലാമിക സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വ്യക്തികൾക്കുമിടയിൽ സാമൂഹിക ബന്ധം ദൃഢമാവുന്നതോടൊപ്പം അവരുടെ സാമ്പത്തിക-ആഭ്യന്തര രംഗത്ത് അവരുടെ ആദരണീയതയും സ്വഭാവങ്ങളും കാത്തുസൂക്ഷിക്കപ്പെടണം. പുറംലോകത്ത് അവരുടെ ചരിത്രപരമായ പ്രശസ്തി ഉയരണം. അങ്ങനെയായാൽ സത്യവിശ്വാസിസമൂഹത്തിന്റെ ആഹാരം മാന്യമായിരിക്കും. (رزق كريم) അത് സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന വ്യക്തികളുടെ മാന്യത സംരക്ഷിക്കുന്നു. ജീവിക്കാൻ വേണ്ടി അവർ തങ്ങളുടെ മാന്യതയെയോ പവിത്രതയെയോ വിൽക്കുകയില്ല. നിഷിദ്ധങ്ങളോ മ്ലേഛതകളോ വ്യാപാരം നടത്തില്ല. അവർ സ്വേഛാധിപത്യത്തിനും അധിനിവേശത്തിനും വിധേയരാവില്ല. അവർ നാഗരികമാന്യത കളഞ്ഞ് കുളിച്ച് വൃത്തികേടുകൾ ചെയ്യുകയോ, കരാറുകൾ ലംഘിക്കുകയോ, സുഹൃത്തുക്കൾക്കെതിരെ ഗൂഢാലോചന നടത്തുകയോ, നാഗരിക പുരോഗതിയിലധിഷ്ഠിതമായ ബന്ധങ്ങളേക്കാൾ ഭൗതിക നേട്ടങ്ങൾക്ക് മുൻതൂക്കം നൽകുകയോ ഇല്ല. അത് 'ആദരണീയമായ ആഹാരമാണ്'. സമൂഹത്തിന്റെ സാമൂഹിക മാന്യതയെ അത് സംരക്ഷിക്കും. ടൂറിസ്റ്റുകളെ വിനോദ-അശ്ലീല സ്ഥലങ്ങളിലേക്ക് ആകർഷിക്കാനായി തങ്ങളുടെ സ്ത്രീകളെ നർത്തകികളായും ഗായികമാരായും അവർക്ക് അയക്കേണ്ടിവരില്ല. സർവോപരി, അല്ലാഹുവിങ്കൽ മുസ്‌ലിം സമൂഹത്തിന്റെ മാന്യത കാത്ത് സൂക്ഷിക്കപ്പെടും. അഥവാ, പരലോകത്ത് സ്ഥാനപരമായും സങ്കേതപരമായും അവർക്ക് അത്യുന്നത പദവികൾ ആദരപൂർവം നൽകപ്പെടും.

**ത്രിതീയ പ്രാധാന്യം**

നാലാം സൂക്തം (75) മുസ്‌ലിം സമൂഹം അടഞ്ഞ സമൂഹമല്ലെന്നും തുറന്ന സമൂഹമാണെന്നും സ്ഥാപിക്കുന്നു. പലായനത്തിന്റെ വാതിലുകൾ അതിലേക്ക് തുറന്നു കിടക്കുന്നു. അതിലേക്ക് ചേരാൻ ഒരേയൊരു ഉപാധിയേ ഉള്ളൂ. ഈമാനും, ദൗത്യപ്രചാരണത്തിലെ പങ്കാളിത്തവും. എക്കാലത്തെയും മുഹാജിറുകൾക്കിടയിലെ ബന്ധങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ടായിരിക്കണം ഇത് സാധിക്കാൻ.

ഇസ്‌ലാമിക സമൂഹത്തിന്റെ ഈ അർഥത്തിലുള്ള ഉയിർത്തെന്നേൽപ്പിന്റെ പ്രാധാന്യം പരിഗണിച്ചുകൊണ്ടാണ് 'നിങ്ങൾ ജനങ്ങൾക്ക് ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ട സമുദായമാണ്' എന്ന സൂക്തം വിശദീകരിച്ചുകൊണ്ട് ഉമർ(റ) ഇങ്ങനെ പ്രസ്താവിച്ചത്: 'ജനങ്ങളേ, ഈ സമുദായത്തിൽ ഉൾപ്പെടുന്നത് ആർക്കെങ്കിലും സന്തോഷകരമായി തോന്നുന്നുവെങ്കിൽ അക്കാര്യത്തിൽ അല്ലാഹുവിന്റെ ഉപാധി(നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും) അയാൾ നിർവഹിക്കട്ടെ' (തഫ്സീറുത്ത്വബ്രി 4/43-44) (يا أيها الناس من سره ان يكون من تلكم الأمة فليؤدّ شرط الله فيها).

**ഇസ്‌ലാമിക സമൂഹം എന്നതിന്റെ നാലാമത്തെ പ്രാധാന്യം**

ദേശീയ-അന്തർദേശീയ തലങ്ങളിൽ ആധുനിക വിദ്യാഭ്യാസം മുന്നോട്ട് വെക്കാത്ത സുപ്രധാനമായൊരു വശം ഇസ്‌ലാം മുന്നോട്ട് വെക്കുന്നുണ്ട്. ഇത് അവഗണിക്കുന്നത് അന്താരാഷ്ട്ര വിദ്യാഭ്യാസ സ്രോതസ്സുകൾ മൗലികമായി പരിഗണിക്കുന്ന ഒന്നിനെ നിസ്സാരമായി കാണലായിരിക്കും. അതായത്, മുഹമ്മദ് നബി(സ)യുടെ നിയോഗമനത്തോടെ മാനവത എത്തിനിൽക്കുന്ന ഘട്ടത്തോട് യോജിച്ചതാണ് 'ഉമ്മത്ത്' എന്ന ആശയം. സാങ്കേതിക വിദ്യയും-വാർത്താവിനിമയ ബന്ധങ്ങളും അതിദ്രുതം പ്രചുരമായ ഇന്നത്തെകാലത്ത് People, Nation എന്നീ ആശയങ്ങൾ നിർവീര്യമാവുകയും, ദേശാതിർത്തികൾ തകരുകയും, രക്തബന്ധങ്ങൾ ശിഥിലമാവുകയും, ലോകയാത്രകളിലൂടെയും സാംസ്കാരിക ഇടപഴക്കത്തിലൂടെയും മറ്റും മനുഷ്യർ വല്ലാതെ ഇടകലരുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. രക്തബന്ധപരമോ, ഭൂമിശാസ്ത്രപരമോ, സാംസ്കാരിക-സാമൂഹികമോ ആയ ബന്ധങ്ങളില്ലാതെ പുതിയ സമൂഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

മേൽപുതിയ സാഹചര്യത്തിൽ മനുഷ്യർക്ക് പുതിയൊരു സാഹോദര്യം ആവശ്യമാണ്. കുടുംബങ്ങൾക്കും, ഗോത്രങ്ങൾക്കും, ഭൂമിയിലെവിടെയോ ശിഥിലമായി കഴിയുന്ന സമൂഹങ്ങൾക്കും പകരം നിൽക്കാവുന്ന സാഹോദര്യകൂട്ടായ്മ. പോക്കുവരവുകളും ബന്ധങ്ങളും സമൂഹ-മേഖലാ ബന്ധിതമായിരുന്ന ഇടയ ജീവിതവും കാർഷിക സ്ഥിരതയും നിലനിന്നിരുന്ന കാലത്തെ പാരമ്പര്യ ബന്ധങ്ങളിൽ നിന്നു തീർത്തും ഭിന്നമായ മറ്റൊരു സാഹോദര്യ കൂട്ടായ്മ.

സ്വാഭാവികമായും, പാരമ്പര്യബന്ധങ്ങൾ അവസാനിച്ചു എന്നതിന്റെയർഥം തദടിസ്ഥാനത്തിൽ നിലനിന്നിരുന്ന ബന്ധങ്ങൾക്ക് അറുതിയായി എന്നാണ്. ആധുനിക മാനവത ബന്ധങ്ങളുടെയും മൂല്യങ്ങളുടെയും മാനദണ്ഡങ്ങളുടെയും മൂന്നാമതൊന്നില്ലാത്ത രണ്ടേരണ്ട് ഇനങ്ങൾക്ക് മുമ്പിലാണ് ഇന്ന് നിൽക്കുന്നത്. ഒന്നുകിൽ, ഗുഹാജീവിതത്തിലേക്ക് മടങ്ങി കാടൻ ബന്ധങ്ങളിലേക്ക് മടങ്ങുക അല്ലെങ്കിൽ ഒരേ ആദർശത്തിന്റെയും സംസ്കാരത്തിന്റെയും തണലിൽ ആഗോളഗ്രാമത്തിലേക്ക് മടങ്ങുക. ഈ സാഹചര്യത്തിൽ, മാനവതയ്ക്ക് രണ്ടാമത് പറഞ്ഞ ഇനം മാതൃക ഇസ്‌ലാമിക സമൂഹത്തിൽ മാത്രമെ കണ്ടെത്താനാവുകയുള്ളൂ. അതിന്റെ ചിന്താപരമായ ഉള്ളടക്കങ്ങളും സാമൂഹികമായ പ്രയോഗവൽക്കരണങ്ങളും രക്തബന്ധങ്ങൾക്കും ഭൗതിക താൽപര്യങ്ങൾക്കും എത്രയോ അതീതമാണ്. തന്നെയുമല്ല, അത് ആധുനിക മാനവത എത്തിക്കഴിഞ്ഞ ലോകത്തിന്റെ പുതിയ ഘട്ടത്തോട് പൂർണമായും ഇണങ്ങുന്നതാണ്.

ഡോ: മജീദ് അർസാൻ കീലാനിയുടെ 'അൽ ഉമ്മത്തുൽ മുസ്‌ലിമഃ മഫ്ഹൂമുഹാ, മുഖവ്വിമാത്തുഹാ, ഇഖ്റാജുഹാ' എന്ന കൃതിയിൽ നിന്ന്.

■